**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1908 — 14.08.2017 ൽ മറുപടിക്ക്

**ആരോഗ്യവകുപ്പിലെ സ്റ്റാൻഡഡൈസേഷൻ പദ്ധതി**

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം സ്ഥാപനങ്ങളിൽ നിശ്ചിത സൗകര്യങ്ങളോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാൻഡഡൈസേഷൻ പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | സ്റ്റാൻഡഡൈസേഷന്റെ ആദ്യഘട്ടമെന്നനിലയിൽ സംസ്ഥാനത്തെ 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ/താലൂക്ക് തല ആശുപത്രികളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങളിലേക്ക് 197 സ്റ്റാഫ് നേഴ്സിന്റെയും 84 ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർ അടക്കമുള്ള മറ്റ് വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ ആശുപത്രികളിൽ ആശ്വാസം ക്ളിനിക്, ആരോഗ്യസേന രൂപീകരണം, കമ്പ്യൂട്ടറൈസ്ഡ് ഒ. പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം-ടോയ്‌ലറ്റ് സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻസൗകര്യങ്ങൾ, നേഴ്സിങ് കൗൺസിലിങ്, പബ്ലിക് അഡ്രസ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനായുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എറണാകുളം ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ കരുമാല്ലൂർ, ചേരാനല്ലൂർ, തൃക്കാക്കര, ഗോതുരുത്ത്, മഴുവന്നൂർ, ഏത്തൂർ, പായിപ്ര, കോടനാട്, ചൊവ്വര, നായരമ്പലം, തിരുമാറാടി, ചെല്ലാനം, കുട്ടംപുഴ, മഞ്ഞപ്ര, വാഴക്കുളം എന്നീ 15 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ |

| | | |
|---|---|---|
| | | കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ആർദ്രം പദ്ധതിയുടെ ഭാഗമായി യിട്ടുണ്ട്. ജനറൽ ആശുപത്രി ജില്ലാതല ആശുപത്രി വിഭാഗത്തിലും, താലൂക്ക് ആശുപത്രികളായ കൊച്ചി, കരുവേലിപ്പടി, കോതമംഗലം, നോർത്ത് പറവൂർ, പെരുമ്പാവൂർ, മൂവാറ്റുപുഴ, ആലുവ, പിറവം, അങ്കമാലി എന്നിവ താലൂക്ക്തല വിഭാഗത്തിലും ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് 14 സ്റ്റാഫ് നേഴ് സിന്റെയും 2 ലാബ് ടെക് നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർ അടക്കമുള്ള മറ്റ് വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ ആശുപത്രികളിൽ ആശ്വാസം ക്ളിനിക്. ആരോഗ്യസേന രൂപീകരണം. കമ്പ്യൂട്ടറൈസ്ഡ് ഒ. പി രജിസ് ട്രേഷൻ. രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം. കുടിവെള്ളം-ടോയ് ലറ്റ് സൗകര്യങ്ങൾ. സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻസൗകര്യങ്ങൾ, നേഴ്സിങ് കൗൺസിലിങ്. പബ്ലിക് അഡ്രസ് സിസ്റ്റം. ആരോഗ്യ ബോധവൽക്കരണത്തിനായുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ